മഹ്മൂദിയ്യ ഇംഗ്ലീഷ് സ്കൂൾ, പെരിഞ്ഞനം

# കെ.എം. അബ്ദുൽ റഷീദ് സി.ബി.എസ്.ഇ യുടെ ദേശീയ മെന്റർ അവാർഡ് സ്വീകരിച്ചു

പെരിഞ്ഞനം മഹ്മൂദിയ്യ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പലും, തൃശൂർ ജില്ലാ സി.ബി.എസ്.ഇ. സ്കൂൾ അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായ അബ്ദുൽ റഷീദ് മാസ്റ്റർ 2014 ലെ ഏറ്റവും നല്ല മെന്റർക്കുള്ള സി.ബി.എസ്.ഇ യുടെ ദേശീയ പുരസ്കാരം സെപ്റ്റംബർ 3ന് ഡൽഹിയിൽ വെച്ച് കേന്ദ്ര മാനവശേഷി വികസന മന്ത്രി സ്മൃതി ഇറാനിയിൽ നിന്ന് ഏറ്റുവാങ്ങി. അമ്പതിനായിരം രൂപയും ഷാളും സർട്ടിഫിക്കറ്റുമടങ്ങുന്നതാണ് പുരസ്കാരം. ഇന്ത്യയിലും 24 വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള സി.ബി.എസ്.ഇ. പ്രിൻസിപ്പൽമാരിൽ നിന്ന് 16 പേരെയാണ് ഈ അവാർഡിനായി തെരഞ്ഞെടുത്തത്.

കഴിഞ്ഞ 9 വർഷമായി മഹ്മൂദിയ്യ സ്കൂളിന്റെ പ്രിൻസിപ്പലായി സേവനം ചെയ്യുന്ന അബ്ദുൽ റഷീദ് മാസ്റ്റർ സിബി.എസ്.ഇ. മെന്റർ, സഹോദയ ജനറൽ സെക്രട്ടറി, ഐ.എ.എം.ഇ യുടെ അക്കാദമിക് മെമ്പർ, സംസ്ഥാന സഹോദയുടെ എക്സിക്യൂട്ടീവ് അംഗം, കേരള ശാന്തി സമിതിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, സഹോദയ അക്കാദമിക് കൗൺസിൽ കോർഡിനേറ്റർ, എസ്.വൈ.എസ്. കയ്പമംഗലം സോൺ ക്ഷേമകാര്യ സെക്രട്ടറി, മഹ്മൂദിയ്യ ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി, പൊന്മാനിക്കുടം മഹല്ല് ജോയിന്റ് സെക്രട്ടറി, എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു.

എം.ഇ.എസ് അസ്മാബി കോളേജ്, കോഴിക്കോട് യൂണിവേഴ്സിറ്റി കാമ്പസ്, അണ്ണാമലൈ യൂണിവേഴ്സിറ്റി തുടങ്ങിയവയിൽ നിന്ന് എം.കോം, എം.എഡ്, എം.എസ്.സി. (സൈക്കോളജി) എന്നിവയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ റഷീദ് മാസ്റ്റർ ഇന്ദിരാഗാന്ധി ഓപൺ യൂണിവേഴ്സിറ്റിയുടെ എം.എ. ഇംഗ്ലീഷ് സാഹിത്യത്തിന് പഠിച്ചികൊണ്ടിരിക്കുന്നു. കൊമേഴ്സ്-സെറ്റ്, എഡ്യുക്കേഷൻ നെറ്റ്, സി.ടി.ഇ.ടി എന്നിവയും കരസ്ഥമാക്കിയിട്ടുണ്ട്.

സി.ബി.എസ്.ഇ യുടെ കീഴിൽ സഹോദയ തലത്തിൽ ആദ്യമായി കരാത്തെ മത്സരങ്ങൾ സംഘടിപ്പിച്ചു. മഹ്മൂദിയ്യ സ്കൂളിലെ കെ.ജി. കുട്ടികൾക്ക് വേണ്ടി ട്രെയിൻ സ്കൂൾ, നിർധനരായ രോഗികളെ സഹായിക്കുന്നതിന് വേണ്ടി 2008 ൽ തുടങ്ങിയ വെച്ച പുതുവത്സര സുഹൃത്ത് പദ്ധതി തുടങ്ങിയവ അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയെ വരച്ചുകാട്ടുന്നതാണ്.

ദുബായ്, ഷാർജ, അബൂദാബി തുടങ്ങിയ സ്ഥലങ്ങളിലും കേരളത്തിലും 500 ൽ പരം ട്രെയ്നിംഗ് ക്ലാസുകൾ എടുത്തിട്ടുള്ള അബ്ദുൽ റഷീദ് നല്ല ഒരു മാസ്റ്റർ ട്രെയ്നർ കൂടിയാണ്.

കറുപ്പംവീട്ടിൽ മുഹമ്മദാലിയുടേയും ഐഷാബിയുടേയും മകനാണ്. ഭാര്യ നാഫിയ, മക്കൾ മുഹമ്മദ് അസ്‌ലം, ഫാത്തിമ അമ്റിൻ, മുഹമ്മദ് അയ്മൻ.

മാനേജർ